ഉത്തരം

(എ-സി) കോരപ്പുഴയിൽ ഒരു മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിന് 23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് മാതൃകാപഠനം നടത്തുന്നതിന് ആവശ്യമായ ഉക, കാലയളവ് എന്നിവ അറിയിക്കാൻ കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS, പൂനെയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നങ്ങൾ

113 (1818) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി വീടുവയ്ക്കാൻ സ്ഥലമില്ലാത്ത മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ പാർപ്പിടപ്രശ്ന പരിഹാരത്തിന് ആവിഷ്കരിച്ച പദ്ധതികളും നടപടികളും വിശദമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളെ തീരദേശങ്ങളിൽ നിന്ന് മാറ്റി ഭൂമിയില്ലാത്തതിന്റെ പേരിൽ മറ്റു ദേശങ്ങളിൽ പാർപ്പിക്കേണ്ട സ്ഥിതിവിശേഷം നിലവിലുണ്ടോ ; ഇവരെ തീരപ്രദേശത്തു തന്നെ താമസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനപദ്ധതി"-ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. ആദ്യഘട്ടമായി വലിയതുറ മത്സ്യഗ്രാമത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ അനുവദിച്ച 42.45 സെന്റ് ഭൂമിയിൽ 32 കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്നു. മറ്റു സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly